ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം , ഹൗസിംഗ്
ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

No.Acd /spc/2/46696/HSE/17 തീയതി. 13/09/2017

## സർക്കുലർ

വിഷയം - ഹയർ സെക്കന്ററി വിദ്യാഭ്യാസം - അധ്യാപക ശാക്തീകരണം- അധ്യാപക പരിശീലനം- സംബന്ധിച്ച്.

സൂചന - No.Acd /spc/2/46696/HSE/17 തീയതി 07/09/2017 (Training Schedule)

അധ്യാപക ശാക്തീകരണ പദ്ധതിയുടെ ഭാഗമായ ഹയർ സെക്കന്ററി അധ്യാപക പരിശീലനം സംബന്ധിച്ച വിശദാംശങ്ങൾ ഹയർ സെക്കന്ററി പോർട്ടലിൽ ലഭ്യമാണ്. ഇംഗ്ലീഷ്, മലയാളം, ഹിന്ദി,അറബിക്, സംസ്കൃതം, ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, ബയോളജി, കമ്പ്യൂട്ടർ സയൻസ്/ ആപ്ലിക്കേഷൻ,കൊമേഴ്സ്, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്,ഹിസ്റ്ററി, ജിയോഗ്രഫി, സോഷ്യോളജി എന്നീ വിഷയങ്ങളിലെ അധ്യാപകർക്കുള്ള രണ്ട് ദിവസത്തെ പരിശീലന ഷെഡ്യൂളാണ് ലഭ്യമാക്കിയിട്ടുള്ളത്. **15/09/2017 & 16/09/2017, 22/09/2017 & 23/09/2017** എന്നീ തീയതികളിലായി ക്രമീകരിച്ചിട്ടുള്ള പരിശീലനം ജില്ല/വിദ്യാഭ്യാസജില്ല, ഉപജില്ല/സ്കൂൾകോഡ് എന്നിവ അടിസ്ഥാനമാക്കി ഒരു ബാച്ചിൽ 50 അധ്യാപകർ എന്ന ക്രമത്തിൽ പ്രൊജക്റ്റർ, സ്ക്രീൻ, മൈക്ക് ഉൾപ്പെടെയുള്ള ഹാൾ/ക്ലാസ്റൂം ക്രമീകരണമാണ് ഓരോ പരിശീലന കേന്ദ്രത്തിലും സജ്ജീകരിക്കുക. പരിശീലന സമയം രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയാണ്.

ബാച്ചടിസ്ഥാനത്തിലുള്ള പങ്കാളിത്തം കണക്കാക്കിയാണ് ഓരോ പരിശീലനകേന്ദ്രത്തിനും നടത്തിപ്പ് ചെലവിനുള്ള തുക അനുവദിച്ച് പരിശീലനത്തിനാവശ്യമായ സൗകര്യങ്ങൾ ക്രമീകരിക്കുന്നത്. ആയതിനാൽ Training Schedule പ്രകാരമുള്ള പരിശീലന കേന്ദ്രത്തിൽ തന്നെ അധ്യാപകർ ഹാജരാകേണ്ടതാണ്. Training Schedule-ൽ ഉൾപ്പെടാതെ പോയിട്ടുള്ള സ്കുളു കളുണ്ടെങ്കിൽ ഏറ്റവും സമീപത്തായ പരിശീലനകേന്ദ്രത്തിലാണ്

പങ്കെടുക്കേണ്ടത്. വിദ്യാഭ്യാസജില്ലാടിസ്ഥാനത്തിൽ ക്രമീകരിച്ച ഹയർസെക്കന്ററി സ്കൂൾ പട്ടിക സ്കൂൾ പോർട്ടലിൽ ലഭ്യമാണ്.

അദ്ധ്യാപക ശാക്തീകരണ പദ്ധതികളിലൂടെ വിദ്യാർത്ഥി സൗഹൃദത്തിലൂന്നിയ വിദ്യഭ്യാസം വിദ്യാർത്ഥികൾക്ക് സ്വായത്തമാക്കണമെന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ പരിശീലന മൊഡ്യൂൾ പ്രകാരം സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് പരിശീലനം ലഭിച്ച അദ്ധ്യാപകർ തന്നെ നേരിട്ട് സ്കൂൾ തല പരിശീലനം നൽകുകയാണ്. എസ്ആർജി പരിശീലനത്തിനായി നിയോഗിച്ച അദ്ധ്യാപകർക്ക് യഥാസമയം അറിയിപ്പ് നൽകി വിടുതൽ ചെയ്യുന്നതിൽ ചില പ്രിൻസിപ്പിൽമാർ വീഴ്ച വരുത്തിയിട്ടുള്ളതിനാൽ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിൽപ്പെട്ട കുറച്ച് അദ്ധ്യാപകരെ ഒന്നിലധികം ജില്ല/കേന്ദ്രങ്ങളിൽ നിയോഗിക്കേണ്ടതായി വന്നിട്ടുണ്ട്. വിഷയാടിസ്ഥാനത്തിൽ ക്രമീകരിച്ച എസ്ആർജി പട്ടിക ഹയർ സെക്കന്ററി പോർട്ടിൽ ലഭ്യമാണ്. ഇവ പരിശോധിച്ച് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിൽപ്പെട്ട അദ്ധ്യാപകരിൽ ഡ്യൂട്ടിയിൽ ഉൾപ്പെടാത്തവരുണ്ടെങ്കിൽ അവരെ കൂടി ഉൾപ്പെടുത്തി അനിവാര്യമായ ഡ്യൂട്ടി പുനർ ക്രമീകരണവും ഏകോപനവും കോർഎസ്ആർജി/എസ്ആർജി തലത്തിൽ നടത്താവുന്നതാണ്.പരിശീലന മൊഡ്യൂൾ പ്രകാരമുള്ള പ്ലാനിങ്, ലാപ്ടോപ്പ്, പ്രൊജക്റ്റർ തുടങ്ങിയ ഉപകരണങ്ങളുടെയും ലാബിന്റെയും ക്രമീകരണം, ഹാൾ സജ്ജീകരണം, അദ്ധ്യാപകർക്ക് വിതരണം ചെയ്യേണ്ട സാമഗ്രികളുടെ ലഭ്യത എന്നിവ ഉറപ്പാക്കുന്നതിലേയ്ക്ക് എസ്ആർജിമാർ പരിശീലനത്തിന്റെ തൊട്ടുമുൻപുള്ള ദിവസം (**14/9/2017 & 21/09/2017**) പരിശീലന കേന്ദ്രത്തിൽ എത്തിച്ചേരണ്ടതാണ്. (ലാപ്ടോപ്പ് എസ്ആർജിമാർ തന്നെ കൊണ്ടു വരേണ്ടതാണ്.)

**വൻതുക വകയിരുത്തി നടപ്പിലാക്കി വരുന്ന ഇത്തരം പരിശീലന പദ്ധതികളുടെ പ്രയോജനം എല്ലാ കേരളാഹയർസെക്കന്ററി വിദ്യാർത്ഥികൾക്കും ലഭിക്കുന്നതിലേയ്ക്ക്, അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപകർ, ഗസ്റ്റ് അദ്ധ്യാപകർ ഉൾപ്പെടെ, എല്ലാ ഹയർസെക്കന്ററി അദ്ധ്യാപകരും ഈ പരിശീലനത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.**

ഒപ്പ്
ഡയറക്ടർ